**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2139** **26-10-2026-ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ഫൈസൽ ബാബു

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനോടൊപ്പം പൊതുജനങ്ങളുടെ സുരക്ഷയും മൃഗക്ഷേമവും ഉറപ്പാക്കുന്നതിനായി നിലവിലുള്ള വന്ധ്യംകരണം, വാക്സിനേഷൻ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

**മറുപടി:** നിലവിലുള്ള എ.ബി.സി. കേന്ദ്രങ്ങൾ സമീപത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി സേവനം ലഭ്യമാക്കുന്ന വിധത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിനും, വന്ധ്യംകരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, തെരുവുനായ്ക്കളുടെ വന്ധ്യംകരണം, വാക്സിനേഷൻ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പൊതുജനങ്ങളുടെ സുരക്ഷയും മൃഗക്ഷേമവും ഉറപ്പാക്കുന്നതിനുമായി പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മനുഷ്യവിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**